വോട്ടിനായി പേര് ചേർത്തിടാം
നാടിനായി വോട്ട് ചെയ്തിടാം

# വാർത്താക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

05 December 2025

TELEPHONE: 0471-2328158
MOBILE : 8281000127

www.sec.kerala.gov.in

Email:
pro2025sec@gmail.com
cru.sec@kerala.gov.in
electionker@gmail.com

## തദ്ദേശ തിരഞ്ഞെടുപ്പ് : പരസ്യപ്രചാരണം നാളെ (ഡിസം 7) അവസാനിക്കും

പരസ്യപ്രചാരണം അവസാനിക്കുന്ന സമയത്ത് രാഷ്ട്രീയപാർട്ടികൾ നടത്തുന്ന കൊട്ടിക്കലാശം പോലുള്ള പരിപാടികൾ സമാധാനപരമായിരിക്കണമെന്നും, ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ നിർദേശിച്ചു.

തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട പോളിങ്ങിന് മുന്നോടിയായി പരസ്യപ്രചാരണം നാളെ (ഡിസം 7) വൈകുന്നേരം 6 മണിക്ക് അവസാനിക്കും. ഡിസംബർ 9ന് വോട്ടെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലാണ് പരസ്യപ്രചാരണം അവസാനിക്കുന്നത്.

പൊതുജനങ്ങൾക്ക് മാർഗ്ഗ തടസ്സം സൃഷ്ടിച്ചു കൊണ്ടുള്ള സമാപന പരിപാടികൾ പാടില്ല. പരസ്യ പ്രചാരണത്തിന്റെ സമാപനത്തിലുണ്ടാകുന്ന തർക്കങ്ങളും, വെല്ലുവിളികളും, ശബ്ദ നിയന്ത്രണമില്ലാതെയുള്ള അനൗൺസ്മെന്റുകളും പ്രചാരണ ഗാനങ്ങൾ ഉച്ചത്തിൽ കേൾപ്പിച്ചു മത്സരിക്കുന്ന പ്രവണതയും കർശനമായി നിയന്ത്രിക്കാൻ കമ്മീഷണർ ജില്ലാ കളക്ടർമാർക്കും പോലീസ് അധികൃതർക്കും നിർദ്ദേശം നൽകി.

പരസ്യപ്രചാരണത്തിന്റെ സമാപനത്തിലും മാതൃകാ പെരുമാറ്റ ചട്ടവും ഹരിതച്ചട്ടവും പാലിക്കുന്നുണ്ടെന്ന് സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും ഉറപ്പുവരുത്തണം. 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ 126(1) പ്രകാരം വോട്ടെടുപ്പ് അവസാനിക്കുന്നതിന് 48 മണിക്കൂർ മുമ്പ് പരസ്യ പ്രചാരണം അവസാനിപ്പിക്കണം. ഈ വ്യവസ്ഥ തദ്ദേശസ്വയംഭരണപൊതുതിരഞ്ഞെടുപ്പിനും ബാധകമാണ്.

(എസ്.ഇ.സി 97/ 2025)

## സംസ്ഥാന മീഡിയ റിലേഷൻസ് കമ്മിറ്റി യോഗം ചേർന്നു

തദ്ദേശ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാധ്യമ സംബന്ധിയായ കാര്യങ്ങൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് രൂപീകരിച്ച സംസ്ഥാനതല മീഡിയ റിലേഷൻസ് കമ്മിറ്റിയുടെ യോഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് ചേർന്നു. കമ്മിറ്റിയ്ക്ക് മുൻപാകെ ലഭിച്ച പരാതികളും ആക്ഷേപങ്ങളും യോഗം പരിശോധിച്ചു. വേഗത്തിൽ തീർപ്പാക്കേണ്ട പരാതികൾ ബന്ധപ്പെട്ട ജില്ലയിലെ ഉദ്യോഗസ്ഥർക്ക് തുടർനടപടിക്കായി കൈമാറി. ഇതിന്മേലുള്ള നടപടികളും കമ്മിറ്റി വിലയിരുത്തി.

ശബ്ദ നിയന്ത്രണവുമായി ബന്ധപ്പെട്ട പരാതി മാതൃക പെരുമാറ്റച്ചട്ടത്തിന്റെയും ശബ്ദ നിയന്ത്രണ നിയമങ്ങളുടേയും പരിധിയിൽ വരുന്നതിനാൽ കർശന നിയന്ത്രണത്തിന് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ശബ്ദ നിയന്ത്രണവുമായി

ബന്ധപ്പെട്ട ശാസ്ത്രീയ പരിശോധനയ്ക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുമായി ആലോചിച്ച് തുടർനടപടി സ്വീകരിക്കും.

ശബരിമല പശ്ചാത്തലമാക്കി തയാറാക്കിയ പ്രചാരണ പോസ്റ്ററുകൾ മാതൃക പെരുമാറ്റച്ചട്ട ലംഘനത്തിന്റെ പരിധിയിൽ വരുന്നതിനാൽ അവ സംബന്ധിച്ച പരാതികൾ പരിശോധിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകാൻ യോഗം തീരുമാനിച്ചു. ഡിജിറ്റൽ ലിങ്കുകൾ ഉൾപ്പെടുന്ന പരാതികൾ ലഭിക്കുന്ന മുറയ്ക്ക് വേഗത്തിൽ തുടർനടപടി സ്വീകരിക്കാൻ പോലീസ് സൈബർ ഓപ്പറേഷൻസിന് നിർദ്ദേശം നൽകി.

പത്ര, ദൃശ്യ, ശ്രാവ്യ, സമൂഹ മാധ്യമങ്ങളിലെ കണ്ടന്റുകൾ സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നതായി കമ്മിറ്റി വിലയിരുത്തി. തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി.എസ്.പ്രകാശിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുതിർന്ന മാധ്യമപ്രവർത്തകൻ മലയിൻകീഴ് ഗോപാലകൃഷ്ണൻ, കെ.യു.ഡബ്ല്യൂ.ജെ തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ഷില്ലർ സ്റ്റീഫൻ, കേരളാ പോലീസ് സൈബർ ഓപ്പറേഷൻസ് ഇൻസ്പെക്ടർ ബിനോജ് എസ്, കമ്മീഷൻ ലോ ഓഫീസർ പ്രീതി ആർ നായർ, കൺസൾട്ടന്റ് എം.ഷാജഹാൻ, പിആർഒ കെ.എം.അയ്യപ്പൻ തുടങ്ങിയവർ പങ്കെടുത്തു.

(എസ്.ഇ.സി 98/ 2025)

---